# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1700 10.03.2020-ൽ മറുപടിയ്ക്ക്

## പ്രവാസി ക്ഷേമനിധി

| ചോദ്യം<br>ശ്രീ.ആന്റണി ജോൺ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പ്രവാസി ക്ഷേമനിധിയെ സംബന്ധിച്ച വിശദവിവരങ്ങൾ നല്കാമോ; | എ) കേരളത്തിലെ പ്രവാസികൾക്ക് വേണ്ടി പെൻഷനും മറ്റ് ക്ഷേമ പുനരധിവാസ പദ്ധതികളും നടപ്പിലാക്കുവാൻ ഉദ്ദേശിച്ച് കേരള സർക്കാർ പാസാക്കിയ 'പ്രവാസി കേരളീയരുടെ ക്ഷേമ ആക്ട് 2008' പ്രകാരം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് 12.01.2009-ൽ നിലവിൽ വരികയും 12.03.2009 മുതൽ പ്രവർത്തനം തുടങ്ങുകയും ചെയ്തു.<br>നിലവിൽ വിദേശത്ത് ജോലി ചെയ്തുവരുന്നവർക്കും രണ്ടു വർഷത്തിൽ കുറയാത്ത കാലയളവിൽ വിദേശത്ത് ജോലിയെടുത്ത് നാട്ടിൽ തിരിച്ചെത്തിയ മുൻ പ്രവാസികൾക്കും, കേരളത്തിന് പുറത്ത് ഇന്ത്യക്കകത്ത് കുറഞ്ഞത് 6 മാസമായി ജോലി സംബന്ധമായി താമസിച്ചു വരുന്ന 18 വയസ്സു മുതൽ 60 വയസ്സ് വരെ പ്രായമുള്ള പ്രവാസി കേരളീയർക്കും ഈ പദ്ധതിയിൽ അംഗത്വമെടുക്കാവുന്നതാണ്.<br>2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br>**പെൻഷൻ**<br>അറുപത് വയസ്സ് പൂർത്തിയായതും, അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതുമായ ഓരോ അംഗത്തിനും കാറ്റഗറി വ്യത്യാസമില്ലാതെ പ്രതിമാസം 2000/- രൂപ മിനിമം പെൻഷൻ നൽകി വരുന്നു. പരമാവധി പെൻഷൻ 4000/- രൂപയാണ്.<br>**കുടുംബ പെൻഷൻ**<br>ഒരു അംഗം പെൻഷന് അർഹത നേടിയതിനു ശേഷം മരണമടയുന്ന പക്ഷം അർഹതപ്പെട്ട പ്രതിമാസ പ്രായാധിക്യ പെൻഷൻ തുകയുടെ അൻപതു ശതമാനം നിയമാനുസൃത |

അവകാശിക്ക് പ്രതിമാസം കുടുംബപെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

<u>അവശതാ പെൻഷൻ</u>

പ്രവാസി ക്ഷേമ നിധിയിൽ മൂന്നു വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക അവശതമൂലം പ്രാപ്തിക്കുറവ് അനുഭവിക്കുന്നതുമായ അംഗങ്ങൾക്ക് മിനിമം പെൻഷൻ തുകയുടെ 40%-ന് തുല്യമായ തുക പ്രതിമാസ അവശതാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

<u>മരണാനന്തര ധനസഹായം</u>

പ്രവാസി ക്ഷേമനിധിയിൽ അംഗമായിരിക്കെ അസുഖം മൂലമോ അപകടം മൂലമോ മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് 50,000/- രൂപയും, വിദേശത്തു നിന്നും തിരിച്ചുവന്ന പ്രവാസി കേരളീയനായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് 30,000/- രൂപയും, പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് 25,000/- രൂപയും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

<u>ചികിത്സാസഹായം</u>

ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെ ചികിത്സക്കായി ഒരംഗത്തിന് കാറ്റഗറി വ്യത്യാസമില്ലാതെ അംഗത്വകാലയളവിൽ 50,000/- രൂപ ചികിത്സാ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

<u>വിവാഹ ധനസഹായം</u>

കുറഞ്ഞത് മൂന്ന് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ച വരുന്ന അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയും വനിതാ അംഗങ്ങളുടെയും വിവാഹ ചെലവിനായി 10,000/- രൂപ ഒരംഗത്തിന് അർഹതയുണ്ടായിക്കുന്നതാണ്. എന്നാൽ രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

<u>പ്രസവാനുകൂല്യം</u>

തുടർച്ചയായി രണ്ടുവർഷക്കാലം അംശദായം അടച്ചിട്ടുള്ള ഒരു വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി 3,000/- രൂപയും ഗർഭം അലസൽ സംഭവിച്ചവർക്ക് 2,000/- രൂപയും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരംഗത്തിന് രണ്ടിൽ കൂടുതൽ തവണ ഈ

ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

<u>വിദ്യാഭ്യാസ ആനുകൂല്യം</u>

രണ്ട് വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് നിബന്ധനകൾക്ക് വിധേയമായി പരമാവധി 4,000/- രൂപ വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

ഇതു കൂടാതെ പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർനത്തനത്തിനായി ഉപയോഗപ്പെടുത്തുന്നതിനുമുള്ള ദീർഘകാല നിക്ഷേപ പദ്ധതി എന്ന നിലയിൽ 2019-ൽ പ്രവാസി ഡിവിഡന്റ് പദ്ധതികൂടി ആരംഭിച്ചിട്ടുണ്ട്. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസി കേരളീയർക്കും അവരുടെ ജീവിത പങ്കാളികൾക്കും ഈ പദ്ധതിയിലൂടെ അവരുടെ ജീവിതാവസാനം വരെ സുസ്ഥിരമായ മാസവരുമാനം ഉറപ്പാക്കുന്നു.

ബി) കോതമംഗലം മണ്ഡലത്തിൽ നിന്നും എത്ര ആളുകൾ പ്രവാസി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ടെന്നും എത്ര പേർക്ക് ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിച്ചുവരുന്നുണ്ട് എന്നും വ്യക്തമാക്കാമോ;

ബി) പ്രവാസി ക്ഷേമനിധി അംഗത്വത്തെ സംബന്ധിച്ചുള്ള നിയോജക മണ്ഡല അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമല്ല. അംഗങ്ങളുടെ ജില്ല, താലൂക്ക് തിരിച്ചുള്ള വിവരങ്ങളാണ് ക്രോഡീകരിച്ചിട്ടുള്ളത്.

സി) നിലവിൽ അറുപത് വയസ്സുകഴിഞ്ഞ ആളുകൾക്ക് പ്രവാസി ക്ഷേമനിധിയിൽ ചേരുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

ഡി) തൊഴിൽ നഷ്ടപ്പെട്ടും രോഗബാധിതരായും നാട്ടിൽ തിരിച്ചെത്തുന്ന അറുപത് വയസ്സുകഴിഞ്ഞ പ്രവാസികൾക്കായി ഒറ്റത്തവണ തുക അടച്ച് പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

സി) & ഡി) 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് പ്രവാസി ക്ഷേമ നിധിയിൽ അംഗമാകുന്നതിനുള്ള പ്രായ പരിധി 18 വയസ്സിനും 60 വയസ്സിനും മദ്ധ്യേയാണ്. ആയതിനാൽ 60 വയസ്സു കഴിഞ്ഞവർക്ക് പ്രവാസി ക്ഷേമ നിധിയിൽ അംഗമാകാൻ കഴിയില്ല.

സെക്ഷൻ ഓഫീസർ